"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - മലപ്പുറം ജില്ല — എടരിക്കോട് ഗ്രാമപഞ്ചായത്ത് - 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3-2(2) - തടസ്സപ്പെടുത്തിയ തുക - സാധൂകരണം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ ( എ ബി ) വകുപ്പ്**

സ.ഉ.(സാധാ) നം.1162/2023/LSGD തീയതി,തിരുവനന്തപുരം, 03-06-2023

---

പരാമർശം:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് (റൂറൽ ) ഡയറക്ടറുടെ 04.11.2022 ലെ പി എ എൻ/16110/2022- എം3 ( ഡി പി ) നമ്പർ കത്ത്
2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 08.02.2022 ലെ ഡി.കെ.എസ്.എ /4250/പി.റ്റി2/2022 നമ്പർ കത്ത്

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ എടരിക്കോട് ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ എസ്.സി വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോഴ്സിനു ധനസഹായം (പ്രോ.നം.60/2018) എന്ന പദ്ധതിയിൽ സബ്സിഡി മാർഗ്ഗരേഖയിൽ അധികരിച്ച് ചെലവഴിച്ച 20,000/- രൂപ 2017-2018 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-2(2) പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തിയിരുന്നു.

2. ഇതു സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് (റൂറൽ ) ഡയറക്ടർ, ലഭ്യമാക്കിയിട്ടുള്ള റിപ്പോർട്ടിൽ എസ്.സി വിഭാഗത്തിലുള്ള നിർദ്ധരരായ വിദ്യാർത്ഥികൾക്ക് അധികമായി കൈപ്പറ്റിയ തുക തിരികെ ഒടുക്കുന്നതിന് നിർവ്വാഹമില്ലാത്തതിനാൽ പ്രസ്തുത വിദ്യാർത്ഥികൾ അധികമായി നൽകിയ 20000/- രൂപയുടെ ചെലവിന് സാധൂകരണം ലഭ്യമാക്കുന്നതിനായി സർക്കാരിനോട് അഭ്യർത്ഥിക്കാൻ പഞ്ചായത്ത് ഭരണസമിതിയും മലപ്പുറം ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയോഗം തീരുമാനിച്ചിട്ടുള്ളതാണെന്നും ആയതിനാൽ തടസ്സപ്പെടുത്തിയ തുകയ്ക്ക് സാധൂകരണം നൽ കണമെന്ന് പരാമർ ശം (1) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് (റൂറൽ ) ഡയറക്ടർ, ശുപാർശ സമർപ്പിച്ചിട്ടുണ്ട് .

3. നിർവ്വഹണോദ്യോഗസ്ഥയുടെ മറുപടി, ഗ്രാമപഞ്ചായത്തിന്റെ തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിട്ടറിംഗ് സമിതിയുടെ അനുകൂല ശിപാർശ എന്നിവ പരിഗണിച്ച് എടരിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2017-2018 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-2(2) ലെ പരാമർ ശത്തിന് സാധൂകരണം നൽകുന്നതിൽ എതിരഭിപ്രായമില്ലെന്ന് പരാമർശം (2 ) പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട് .

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച തദ്ദേശ സ്വയംഭരണ വകുപ്പ് (റൂറൽ ) ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ എന്നിവരുടെ ശുപാർശ പരിഗണിച്ചും പഞ്ചായത്ത്

ഭരണസമിതി തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവ കണക്കിലെടുത്തും വരും വർഷങ്ങളിൽ സർക്കാരിന്റെ മുൻകൂർ അനുമതി കൂടാതെ സബ്സിഡി മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് പദ്ധതികൾ നടപ്പാക്കരുത് എന്നുള്ള നിർദ്ദേശത്തോട് കൂടി മലപ്പുറം ജില്ലയിലെ എടരിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-2(2) പ്രകാരം തടസ്സപ്പെടുത്തിയ 20,000/- രൂപയുടെ ( ഇരുപതിനായിരം രൂപ മാത്രം ) ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബീന പി എസ്
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് ( റൂറൽ ) തിരുവനന്തപുരം
സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, എടരിക്കോട് ഗ്രാമപഞ്ചായത്ത്, മലപ്പുറം
അക്കൗണ്ടന്റ് ജനറൽ ( എ & ഇ/ഓഡിറ്റ് ) കേരള , തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം ( തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )
വെബ് & ന്യൂ മീഡിയ, വിവരപൊതുജന സമ്പർക്ക വകുപ്പ് ( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )
സ്റ്റോക്ക് ഫയൽ / ഓഫീസ് പകർപ്പ് ( LSGD-AB2/174/2022-LSGD )

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ